# മഞ്ഞപ്ര കൊലപാതകം പ്രതി അറസ്റ്റിൽ

25-08-2017 തീയതി മഞ്ഞപ്രയിലെ കടത്തിണ്ണയിൽ കൊല്ലപ്പെട്ട നിലയിൽ കാണപ്പെട്ട അയ്യമ്പുഴ വില്ലേജ് ചുള്ളി കരയിൽ പോണയിൽ വീട്ടിൽ കുട്ടപ്പൻ മകൻ 63 വയസുള്ള കൃഷ്ണൻകുട്ടിയെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ ചാലക്കുടി, കോടശ്ശേരി വില്ലേജ് മേച്ചിറ ഭാഗത്ത് മാമ്പിള്ളി വീട്ടിൽ ഔസേഫ് മകൻ 52 വയസുള്ള റെയ്ഗൻ ജോണി എന്ന് വിളിക്കുന്ന ജോണിയെ കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസും സംഘവും അറസ്റ്റ് ചെയ്തു.

25-8-2017 തീയതി മഞ്ഞപ്ര കട വരാന്തയിൽ മദ്യപിച്ച് രാത്രി കിടന്നുറങ്ങിയിരുന്ന ഈ കേസിലെ പ്രതിയായ ജോണി @ റെയ്ഗൺ ജോണി തൻെറ കൈവശമുണ്ടായിരുന്ന 7000/- രൂപ , ടി കടവരാന്തക്ക് സമീപം കിടന്നിരുന്ന കൊല്ലപ്പെട്ട കൃഷ്ണൻകുട്ടി മോഷണം ചെയ്ത് എടുത്തു എന്നുള്ള വിശ്വാസത്തോടെ കൃഷ്ണൻകുട്ടിയെ ചവിട്ടിയും, ഇടിച്ചും,മാരകമായി പരിക്കേല്പിച്ചും, കൃഷ്ണൻകുട്ടി ധരിച്ചിരുന്ന മുണ്ടെടുത്ത് ടി കൃഷ്ണൻകുട്ടിയുടെ കഴുത്തിൽ കുരുക്കിട്ടും കൊലപ്പെടുത്തിയ ശേഷം മഞ്ഞപ്രയിൽ നിന്ന് പ്രതി അങ്കമാലി, പെരുമ്പാവൂർ ആലുവ വഴി ട്രയിനിൽ കണ്ണൂർ , തലശ്ശേരി ഭാഗങ്ങളിൽ ഒളിവിൽ കഴിഞ്ഞ് വരികയായിരുന്നു. പ്രതി തൻെറ വസ്തുങ്ങൾ എടുത്ത് തമിഴ് നാട്ടിലേക്ക് ഒളിവിൽ പോകുവാൻ വേണ്ടി അങ്കമാലി എളവൂർ കവലയിൽ വരും എന്നുള്ള രഹസ്യ വിവരം ബഹു എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി **ശ്രീ. A.V.ജോർജ് IPS -ന്** ലഭിച്ചതിനെ തുടർന്ന് പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.ജി. വേണുവിൻെറ നിർദ്ദേശാനുസരണം പോലീസ് നടത്തിയ നീക്കത്തെ തുടർന്നാണ് എളവൂർ ഭാഗത്ത് നിന്ന് പ്രതി പോലീസ് പിടിയിലായത്.

പ്രതിയുടെ പക്കൽ നിന്നും മരണപ്പെട്ടയാളുടെ ബാങ്ക് പാസ് ബുക്ക് തുടങ്ങിയ പ്രധാന തെളിവുകൾ പോലീസ് കണ്ടെടുത്തു. പ്രതിയെ കാലടി കോടതിയിൽ ഹാജരാക്കി. കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസിൻെറ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിൽ , കാലടി SI അനൂപ്, ASI മാരായ ബോസ് , ഷാജി, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീകുമാർ, അബ്ദുൾ സത്താർ, ബൈജുക്കുട്ടൻ, അനിൽ എന്നിവർ അംഗങ്ങളായിരുന്നു.